കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പുതുതായി രൂപീകരിച്ച 6 ബ്ലോക്ക് പഞ്ചായത്തുകൾ - പരപ്പ ബ്ലോക്ക് പഞ്ചായത്ത് - കെട്ടിട നിർമ്മാണത്തിനായി ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ മാറ്റിവച്ചിട്ടുള്ള 128.43927/- ലക്ഷം രൂപക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

**സ.ഉ.(സാധാ). 1563/15/തസ്വഭവ** **തിരുവനന്തപുരം, തീയതി, 26.05.2015**

================================================================================

പരാമർശം: 1. 28.02.2012 ലെ സ.ഉ.1456/2012/തസ്വഭവ.
2. 23.04.2014 തീയതിയിലെ സ.ഉ.(സാധാ) 1015/2014/തസ്വഭവ.
3. ഗ്രാമവികസന കമ്മീഷണറുടെ 23.02.2015 ലെ 20072/ജെ.ആർ.വൈ.2/14/തസ്വഭവ നമ്പർ കത്ത്.
4. ഗ്രാമവികസന കമ്മീഷണറുടെ 25.03.2015 ലെ 20072/ജെ.ആർ.വൈ.2/14/തസ്വഭവ നമ്പർ കത്ത്.
5. ധനകാര്യവകുപ്പിന്റെ 31.03.2015 തീയതിയിലെ 26338/ഡെവല.2/2015/ഫിൻ. നമ്പർ കുറിപ്പ്.

## ഉത്തരവ്

പുതുതായി രൂപീകരിച്ച ആറ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിട നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി പരാമർശം(2)ലെ സർക്കാർ ഉത്തരവ് മുഖേന നൽകിയിരുന്നു. ടി ആറ് ബ്ലോക്ക് പഞ്ചായത്തുകളിൽ ഉൾപ്പെട്ട പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാന മന്ദിരം നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്നും, പണി പൂർത്തിയാകാറായ സാഹചര്യത്തിൽ പരാമർശം(1) മുഖേന അനുവദിച്ച രണ്ട് കോടി രൂപയിൽ നിന്നും ഇതിനകം ചെലവഴിച്ച 71,56,073/- രൂപ കഴിഞ്ഞുള്ള ബാക്കി തുകയായ 1,28,43,927/- രൂപ അനുവദിക്കണമെന്നും ടി തുക ഇലക്ട്രോണിക്ക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം(4) കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിൻ പ്രകാരം പരാമർശം(5) പ്രകാരം 128.43927/- ലക്ഷം രൂപ ഇലക്ട്രോണിക്ക് ലെഡ്ജർ അക്കൗണ്ടിൽ 2515-00-197-36(01) Construction of Building(PV) എന്ന ശീർഷകത്തിൽ മാറ്റിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ പുതിയ പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയ (2515-00-197-36(01) Construction of Building(PV) എന്ന ശീർഷകത്തിൽ) 128.43927/- ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ.രാജൻ ഖോബ്രഗഡെ,
സെക്രട്ടറി.

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, പരപ്പ ബ്ലോക്ക് പഞ്ചായത്ത്.
3. ധനകാര്യ വകുപ്പ് (31.03.2015 തീയതിയിലെ 26338/Dev.2/2015/Fin പ്രകാരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ